**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5934** **09-07-2024 - ൽ മറുപടിയ്ക്ക്**

**കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ ജി.എസ്.ടി. രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ജി.എസ്.ടി. രജിസ്ട്രേഷൻ ഉണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | 40 ലക്ഷം രൂപയ്ക്ക് മുകളിൽ ചരക്കുകളുടെയും 20 ലക്ഷം രൂപയ്ക്ക് മുകളിൽ സേവനങ്ങളുടെയും ക്രയവിക്രയം നടത്തുന്ന വ്യക്തികളും സ്ഥാപനങ്ങളും ജി.എസ്.ടി. നിയമം, 2017-ലെ സെക്ഷൻ 22(1) പ്രകാരം രജിസ്ട്രേഷൻ എടുക്കാൻ ബാധ്യസ്ഥരാണ്. ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടുള്ളവരുടെ മേഖല തിരിച്ചുള്ള വിവരങ്ങൾ ജി.എസ്.ടി. Backend-ൽ ലഭ്യമല്ല. |
| (ബി) | നികുതി അടയ്ക്കാത്ത കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് എതിരെ ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ് നികുതി ചുമത്തി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സൊസൈറ്റികളാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | റിട്ടേണുകളുടെയും മറ്റ് രേഖകളുടെയും അടിസ്ഥാനത്തിൽ പൊരുത്തക്കേടുകൾ കണ്ടെത്തിയ വിവിധ ജില്ലകളിൽ കോ-ഓപ്പറേറ്റീവ് മേഖലയിൽ പ്രവർത്തിക്കുന്ന ബാങ്കുകൾ, ഹൗസിംഗ് സൊസൈറ്റികൾ, അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റികൾ അടക്കമുള്ള 208 സ്ഥാപനങ്ങൾക്കെതിരെ ജി.എസ്.ടി. നിയമപ്രകാരമുള്ള നികുതി നിർണ്ണയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ഇനി പറയുന്ന പ്രകാരമാണ്. തിരുവനന്തപുരം-14, കൊല്ലം-10, പത്തനംതിട്ട-13, ആലപ്പുഴ-21, കോട്ടയം-8, ഇടുക്കി-22, എറണാകുളം-4, ആലുവ-4, തൃശൂർ-27, പാലക്കാട്-10, മലപ്പുറം-10, കോഴിക്കോട്-23, വയനാട്-7, കണ്ണൂർ-19, കാസർഗോഡ്-16. |
| (സി) | കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ജി.എസ്.ടി. ഏതെല്ലാം കാര്യങ്ങൾക്കാണ് ബാധകമാകുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | GST ആക്ട്, 2017 ന്റെ ഷെഡ്യൂൾ III-ലോ, അല്ലെങ്കിൽ സെൻട്രൽ ടാക്സ് (റേറ്റ്) നോട്ടിഫിക്കേഷൻ 2/2017, 12/2017 എന്നിവയിലോ ഉൾപ്പെട്ടിട്ടില്ലാത്ത സാധനങ്ങളുടേയോ സേവനങ്ങളുടേയോ സപ്ലൈ നടത്തുമ്പോൾ, സേവനങ്ങൾ മാത്രമാണ് സപ്ലൈ ചെയ്യുന്നതെങ്കിൽ ഒരു സാമ്പത്തിക വർഷത്തെ മൊത്ത വിറ്റുവരവ് ഇരുപതു ലക്ഷം രൂപയും സാധനങ്ങൾ മാത്രം സപ്ലൈ ചെയ്യുന്നെങ്കിൽ പ്രസ്തുത വിറ്റുവരവ് നാൽപ്പത് |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപയും കവിയുന്നപക്ഷം നികുതി ബാധ്യത ഉണ്ടായിരിക്കുന്നതാണ്. അത്തരം സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്ത് നികുതി പിരിച്ചടക്കേണ്ടതാണ്. |
| (ഡി) | കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ തുടങ്ങിയ സഹകരണ സ്ഥാപനങ്ങൾ നൂറ് ശതമാനവും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നവയാണെന്ന് സർക്കാരിന് ബോധ്യമുണ്ടോ; എങ്കിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ജി.എസ്.ടി. സംബന്ധമായ പ്രശ്നങ്ങൾ വരുമ്പോൾ സർക്കാരിന് ഒരു തീരുമാനമെടുക്കാൻ കഴിയുമോ; | (ഡി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഇ) | ജി.എസ്.ടി. രജിസ്ട്രേഷൻ സഹകരണ മേഖലയെ എങ്ങനെ ബാധിക്കുമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഇ) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ